# പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.156.** **28.05.2019-ൽ മറുപടിക്ക്**

## ഇതര സംസ്ഥാന തൊഴിലാളികൾക്ക് തിരിച്ചറിയൽ രേഖ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.എൽദോസ് പി.കുന്നപ്പിള്ളിൽ : | പിണറായി വിജയൻ<br>മുഖ്യമന്ത്രി |
| (എ) മറ്റ സംസ്ഥാനങ്ങളിൽ നിന്നും കേരളത്തിൽ തൊഴിൽ തേടിയെത്തുന്നവർക്ക് എന്തെല്ലാം തിരിച്ചറിയൽ രേഖകൾ വേണമെന്നാണ് നിഷ്കർഷിച്ചിട്ടുള്ളത്; | (എ) മറ്റ സംസ്ഥാനങ്ങളിൽ നിന്നും കേരളത്തിൽ തൊഴിൽ തേടി എത്തുന്നവർക്ക് തൊഴിൽ ചെയ്യുന്നതിലേക്കായി ഏതെങ്കിലും തിരിച്ചറിയൽ രേഖകൾ വേണമെന്ന് നിഷ്കർഷിച്ചിട്ടില്ല. |
| (ബി) ഇവരെക്കുറിച്ചുള്ള വിശദവിവരം രജിസ്റ്റർ ചെയ്ത് സൂക്ഷിക്കുന്നതിന് എന്തൊക്കെ സംവിധാനങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളത് എന്നറിയിക്കാമോ; | (ബി) ഇതര സംസ്ഥാന തൊഴിലാളികളുടെ വിവര ശേഖരണവും രജിസ്ട്രേഷനും തിരിച്ചറിയൽ കാർഡും ആരോഗ്യപരിരക്ഷയും ലക്ഷ്യമിട്ടുകൊണ്ട് 'ആവാസ്' എന്ന ഇൻഷുറൻസ് പദ്ധതി തൊഴിൽ വകുപ്പ് മുഖേന നടപ്പിലാക്കിയിട്ടുണ്ട്. ഇതര സംസ്ഥാനങ്ങളിൽ നിന്നും കേരളത്തിലെത്തി വിവിധ മേഖലകളിൽ ജോലി ചെയ്യുന്ന 18 വയസിനും 60 വയസിനും ഇടയിലുള്ള തൊഴിലാളികൾക്ക് ആവാസ് പദ്ധതിയിൽ അംഗമാകാവുന്നതാണ്.<br>കൂടാതെ, കേരള കുടിയേറ്റ തൊഴിലാളി ക്ഷേമ പദ്ധതിയിൽ രജിസ്റ്റർ ചെയ്യുന്നവരുടെ വിവരങ്ങൾ കേരള ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫെയർ ബോർഡിന്റെ അതാത് ജില്ലാ ആഫീസുകളിൽ സൂക്ഷിക്കുന്നുണ്ട്. |
| (സി) തീവ്രവാദവും അക്രമ പ്രവർത്തനങ്ങളും തടയുന്നതിന്, അന്യസംസ്ഥാന തൊഴിലാളികളെ നിരീക്ഷിക്കുന്നതിനുള്ള സംവിധാനവും തിരിച്ചറിയൽ രേഖ ഏതവസരത്തിലും കാണിക്കണമെന്നുള്ള നിബന്ധനയും ഏർപ്പെടുത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ ഇക്കാര്യം അടിയന്തിരമായി പരിഗണിക്കുമോ? | (സി) ഇത്തരത്തിൽ ഒരു നിരീക്ഷണ സംവിധാനത്തിന് രൂപം നൽകിയിട്ടില്ല. എന്നാൽ ആവശ്യമായ ഘട്ടങ്ങളിൽ തിരിച്ചറിയൽ രേഖ കാണിക്കുന്നതിനു തൊഴിലാളികൾ ബാധ്യസ്ഥരാണ്. |

സെക്ഷൻ ഓഫീസർ